കോ–ഓർഡിനേഷൻ കമ്മിറ്റി
**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &**
**കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ 19/2022

01.12.2022

## ഗ്രാമീണ ബാങ്ക് ജീവനക്കാർക്കായി രണ്ട് സുപ്രധാന വിധികൾ

സഖാക്കളെ,

ഗ്രാമീണ ബാങ്ക് ജീവനക്കാരെ ബാധിക്കുന്ന രണ്ട് സുപ്രധാന വിധികൾ സുപ്രീം കോടതിയിൽ നിന്നും ഉണ്ടായിരിക്കയാണ്.

**ദിവസക്കൂലിക്കാരെ സ്ഥിരപ്പെടുത്തൽ:**

ഓഫീസ് അറ്റന്റന്റ് കാഡറിൽ നിരവധി വർഷങ്ങളായി പല ഗ്രാമീണ ബാങ്കുകളും സ്ഥിരം നിയമനം നടത്തുന്നില്ല. ഉയർന്നു വരുന്ന പ്രക്ഷോഭങ്ങളിലൂടെയും നിയമപോരാട്ടങ്ങളിലൂടെയുമാണ് പലപ്പോഴും ഈ വിഭാഗം ജീവനക്കാർ നിയമിക്കപ്പെടുന്നത്. ഗ്രാമീണ ബാങ്കുകളിലെ പ്രമോഷൻ കം റിക്രൂട്ട്മെന്റ് നിയമത്തിൽ ഇങ്ങനെ ഒരു കാഡർ ഉണ്ട് എന്നിരിക്കിലും എന്തുകൊണ്ട് ഈ കാഡറിലേക്ക് നിയമനം നടത്തുന്നില്ല എന്ന് ഈ നിയമങ്ങളൊക്കെ ഉണ്ടാക്കിയ യൂണിയൻ ഗവൺമെന്റ് അന്വേഷിക്കുന്നുമില്ല. യഥാർത്ഥത്തിൽ അവരുടെ അനുഗ്രഹാശിസ്സുകളോടെയും മൗനാനുവാദത്തോടെയും ആണ് ഗ്രാമീണ ബാങ്ക് മാനേജ്മെന്റുകൾ ഈ നയങ്ങൾ നടപ്പിലാക്കുന്നത്.

ഓഫീസ് അറ്റന്റന്റ് കാഡറിൽ സ്ഥിരം നിയമനം നടക്കാതിരിക്കുന്ന പശ്ചാത്തലത്തിൽ ഈ ജോലി ചെയ്യുന്നതിന് വേണ്ടി ദിവസക്കൂലി അടിസ്ഥാനത്തിൽ ആളുകളെ നിയോഗിക്കുകയാണ് ബാങ്കുകൾ ചെയ്യുന്നത്. ഇങ്ങനെ ജോലിയിൽ പ്രവേശിക്കുന്നവർ വർഷങ്ങളോളം ആ ജോലി തുടരുകയും മറ്റൊരു ജോലിക്കും ശ്രമിക്കാൻ പോലും പറ്റാതായി തീരുകയും ചെയ്യുന്നു. ഈ പശ്ചാത്തലത്തിലാണ് വർഷങ്ങളായി ദിവസക്കൂലിക്ക് ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തണം എന്ന ഡിമാന്റ് ഉയരുന്നത്. ഇതിന്റെ ഏറ്റവും അവസാനത്തെ ഒരു നിയമ പോരാട്ടമാണ് ആന്ധ്ര പ്രദേശ് ഗ്രാമീണ വികാസ് ബാങ്കിൽ നടന്നത്. ആന്ധ്രപ്രദേശ് ഗ്രാമീണ വികാസ് ബാങ്കിലെ ദിവസക്കൂലിക്കാരെ സ്ഥിരപ്പെടുത്തുന്നതിനായി നൽകിയ കേസിൽ തെലങ്കാന ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ചും ഡിവിഷൻ ബെഞ്ചും ജീവനക്കാർക്ക് അനുകൂലമായ വിധിയാണ് പ്രഖ്യാപിച്ചത്. ഇതിനെതിരായാണ് APGVB മാനേജ്മെന്റ് സുപ്രീം കോടതിയെ സമീപിച്ചത്. ഇരുവിഭാഗങ്ങളുടേയും വാദം കേട്ട സുപ്രീം കോടതി SLP ഫയലിൽ സ്വീകരിക്കാതെ തള്ളുകയായിരുന്നു. റെഗുലറൈസേഷന് വേണ്ടി ബാങ്ക് ഒരു സ്കീം തയ്യാറാക്കണമെന്നും അതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ദിവസക്കൂലിക്കാരെ സ്ഥിരപ്പെടുത്തുന്ന പ്രക്രിയ നടത്താമെന്നുമാണ് ഹൈക്കോടതി വിധി. മാത്രവുമല്ല, പ്രായപരിധിയിലും വിദ്യാഭ്യാസ യോഗ്യതയിലും ആവശ്യമായ ഇളവ് ജീവനക്കാർക്ക് അനുവദിക്കാനും കോടതി നിർദേശിച്ചിട്ടുണ്ട്. ഈ വിധി സുപ്രീം കോടതി അംഗീകരിച്ചതോടെ അത് Law of the land ആയി മാറി.

നമ്മുടെ ബാങ്കിലും സമാനമായ വ്യവസ്ഥകളാണ് മുമ്പുണ്ടാക്കിയ കരാറുകളിലെല്ലാം ഉണ്ടായിരുന്നത്. മുമ്പ് ഇത്തരത്തിലുള്ള ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനെ "Back door appointment " എന്ന് വിശേഷിപ്പിച്ചിരുന്നവർക്ക് സുപ്രീം കോടതിയുടെ വിധിയോടെ അതെടുത്തുപയോഗിക്കാൻ കഴിയില്ല എന്ന പ്രത്യേകതയും ഈ വിധി മൂലം സംജാതമായിരിക്കയാണ്. വിധിയുടെ കോപ്പി നാം ചെയർമാന് കൈമാറിയിട്ടുണ്ട്. ദിവസക്കൂലിക്കാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നാം ഉണ്ടാക്കിയ കരാറിന് സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ കൂടുതൽ കരുത്ത് കൈവന്നിരിക്കയാണ്.

**കമ്പ്യൂട്ടർ ഇൻക്രിമെന്റ്:**

കമ്പ്യൂട്ടർ ഇൻക്രിമെന്റിന് പെൻഷൻ സമരത്തോളം പഴക്കമുണ്ട്. ഇന്ത്യൻ ധന മേഖലയിലെ AIBEA ഒഴികെയുള്ള മുഴുവൻ സംഘടനകളും PF നും ഗ്രാറ്റ്വിറ്റിക്കും പുറമെ മൂന്നാമത്തെ റിട്ടയർമെന്റ് ആനുകൂല്യമായി പെൻഷൻ വേണം എന്ന പ്രക്ഷോഭവുമായി വരുന്നു. അത് ഫീസിബിൾ അല്ല എന്നും രണ്ടാം ആനുകൂല്യമായി പെൻഷൻ നൽകിയാൽ മതി എന്നും AIBEA നിലപാട് എടുക്കുന്നു. പ്രക്ഷോഭത്തിലില്ലാതിരുന്ന AIBEA യുമായി ചർച്ച നടക്കുന്നു. PF ന് പകരം പെൻഷൻ രണ്ടാം ആനുകൂല്യമായി അനുവദിക്കപ്പെടുന്നു. അതോടൊപ്പം, ആരും ആവശ്യപ്പെടാതിരുന്ന, ഒരു അഡീഷണൽ ഇൻക്രിമെന്റ് IBA നൽകുന്നു. അതത്രെ കമ്പ്യൂട്ടർ ഇൻക്രിമെൻറ്. സ്പോൺസർ ബാങ്കിൽ ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ഗ്രാമീണ ബാങ്ക് ജീവനക്കാർക്കും നൽകണം എന്ന തത്വത്തിന്റെ അ

karline29.deviantart

ടിസ്ഥാനത്തിൽ ഈ അഡ്വാൻസ് ഇൻക്രിമെന്റ് ഗ്രാമീണ ബാങ്ക് ജീവനക്കാർക്കും നൽകണം എന്ന് നാം ആവശ്യപ്പെടുന്നു. ചില ബാങ്കുകൾ നൽകുന്നു. പല ബാങ്കുകളും നൽകുന്നില്ല. ഈ പശ്ചാത്തലത്തിലാണ് പെൻഷൻ, കമ്പ്യൂട്ടർ ഇൻക്രിമെന്റ് എന്നീ കാര്യങ്ങൾക്ക് വേണ്ടി AIRRBEA 2003 ൽ ബാംഗ്ലൂർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുന്നത്. ഈ രണ്ട് കാര്യത്തിലും നമുക്കനുകൂലമായ വിധി ഉണ്ടാകുന്നു. ഈ കേസും സമാന കേസുകളും സുപ്രീം കോടതി വരെ എത്തുകയും സുപ്രീം കോടതി 25.04.2018 ന് സുപ്രസിദ്ധമായ വിധി പ്രഖ്യാപിക്കുകയും ചെയ്തു. ആ വിധി അനുസരിച്ച് കർണ്ണാടക ഹൈക്കോടതി വിധിയെ അന്തിമമാക്കി. അതായത് കമ്പ്യൂട്ടർ ഇൻക്രിമെന്റ് നൽകാൻ (പെൻഷൻ നൽകുന്നത് പോലെ) ഈ വിധി അനുസരിച്ച് ബാധ്യസ്ഥരാണ്.

അതിനിടയിൽ തമിഴ്നാട് ഗ്രാമ ബാങ്കിലും (അവരുടെ പഴയ രൂപമായ പാണ്ഡ്യൻ ഗ്രാമബാങ്കിൽ) കമ്പ്യൂട്ടർ ഇൻക്രിമെന്റിനു വേണ്ടി നിയമ പോരാട്ടം ആരംഭിച്ചിരുന്നു. ഇതിൽ കക്ഷി ചേർക്കപ്പെട്ട നബാർഡ്, പൂർണമായ കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കിയതു മുതൽ കമ്പ്യൂട്ടർ ഇൻക്രിമെന്റ് നൽകാവുന്നതാണ് എന്ന നിലപാടെടുത്തു. ഇത് തമിഴ്നാട്ടിൽ അംഗീകരിക്കപ്പെട്ടു. ഇതിനെതിരായാണ് തമിഴ്നാട് ഗ്രാമബാങ്ക് സുപ്രീം കോടതിയെ സമീപിച്ചത്. സുപ്രീം കോടതി കേസ് ഫയലിൽ സ്വീകരിക്കാതെ തള്ളി എന്നു മാത്രമല്ല ഇത്തരം കാര്യങ്ങൾ അനാവശ്യമായി നീട്ടിക്കൊണ്ടു പോകുന്നതിന്റെ ഭാഗമായി കോടതിച്ചെലവ് നൽകാനും ഉത്തരവിട്ടു.

***ഈ കേസുകൾക്കും വിധികൾക്കുമെല്ലാം അടിസ്ഥാനവും ആധാരവുമായി നിൽക്കുന്നത് വേതനതുല്യത അരക്കിട്ടുറപ്പിച്ച, സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയനും ഓഫീസേർസ് ഫെഡറേഷനും (ഇന്നത്തെ KGBEU, KGBOU സംഘടനകളുടെ പൂർവ്വ രൂപം) ഫയൽ ചെയ്ത ഒറിജിനൽ പെറ്റീഷൻ (OP 1871 / 1997) ആണ്. ആ ഒറിജിനൽ പെറ്റീഷന്റെ അടിസ്ഥാനത്തിലാണ് പെൻഷൻ കേസിലും KGBEU OU കക്ഷികളായത്. പ്രസ്തുത കേസിൽ നമ്മുടെ ബാങ്ക് എതിർ കക്ഷികളായിരുന്നു എന്നതിനാൽ 25.04.2018 ന്റെ സുപ്രീം കോടതി വിധി അനുസരിച്ച് കമ്പ്യൂട്ടർ ഇൻക്രിമെന്റ് നൽകാൻ നമ്മുടെ ബാങ്ക് ബാധ്യസ്ഥമാണ്. സുപ്രീം കോടതിയുടെ പുതിയ വിധിയുടെ കൂടി പശ്ചാത്തലത്തിൽ ഇക്കാര്യം ഒന്നു കൂടി ഓർമ്മിപ്പിച്ചു കൊണ്ട് നാം ചെയർമാന് കത്ത് നൽകുന്നുണ്ട്.***

അഭിവാദനങ്ങളോടെ,

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 9895710203

**അനൂപ് ടി.ജി**
ജനറൽ സെക്രട്ടറി
KGBOU, 9447383184

karline29.deviantart